**കേരള വനം വകുപ്പ്**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, പുനലൂർ**

**ലഘു ദർഘാസ് പരസ്യം**

നം.പി.എൽ 3- 55/2026 തീയതി 19.01.2026

കേരള ഗവർണർക്കുവേണ്ടി താഴെ വിവരിക്കുന്ന ജോലികൾ കരാറെടുത്ത് ചെയ്തു തീർക്കുന്നതിനായി താൽപ്പര്യമുള്ളവരിൽ നിന്നും ചുവടെ പറയുന്ന ജോലികളുടെ വിവരം ആലേഖനം ചെയ്തിട്ടുള്ള സീൽ ചെയ്ത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം | ഫയൽ നമ്പർ | പ്രവൃത്തി | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) | നിരത ദ്രവ്യം | കാലാവധി | ടെണ്ടർ ഫോമിന്റ വില |
|---|---|---|---|---|---|---|
| 1 | പി.എൽ 3 55/2026 | അഞ്ചൽ റെയിഞ്ചിലെ ഏഴംകുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 2017 ഓന്തുപച്ച അക്കേഷ്യ മാഞ്ചിയം തോട്ടത്തിൽ നിൽക്കുന്ന കശുമാവ് മരങ്ങളിൽ നിന്നും കശുവണ്ടി ശേഖരിക്കുന്നതിനുള്ള ജോലികൾ | 90750.00 | 2270 | എഗ്രിമെന്റ് തീയതി മുതൽ 31.05.2026 വരെ | 500+GST |

കൂടുതൽ വിവരങ്ങൾ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയോ അഞ്ചൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

| | | |
|---|---|---|
| ദർഘാസ് ഫോറത്തിനുള്ള അപേക്ഷ വിതരണം ചെയ്യുന്ന അവസാന തീയതിയും സമയവും | : | 30.01.2026 ഉച്ചയ്ക്ക് 1.00 മണിവരെ |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : | 30.01.2026 ഉച്ചയ്ക്ക് ശേഷം 3.00 മണിവരെ |
| ദർഘാസുകൾ തുറക്കുന്ന സമയവും തീയതിയും | : | 30.01.2026 ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് |
| കരാർ കാലാവധി | : | എഗ്രിമെന്റ് തീയതി മുതൽ 31.05.2026 വരെ |

ഏതെങ്കിലും കാരണവശാൽ ദർഘാസ് നടക്കാതെ വരികയാണെങ്കിൽ മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി അതേ സമയത്തും പ്രസ്തുത ദർഘാസ് താഴെപ്പറയുന്ന തീയതിയിൽ നടത്തുന്നതായിരിക്കും.

| | | |
|---|---|---|
| പകരം ദർഘാസ് ഫോറം നൽകുന്ന തീയതി സമയം | : | 02.02.2026 ഉച്ചയ്ക്ക് 1.00 മണി വരെ |
| പകരം ദർഘാസ് സമർപ്പിക്കേണ്ട തീയതി സമയം | : | 02.02.2026 ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ |
| പകരം ദർഘാസ് തുറക്കുന്ന തീയതി സമയം | : | 02.02.2026 ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് |

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയായ 30.01.2026 പകൽ 3.30 ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ താഴെ ഒപ്പിട്ടിട്ടുള്ള ആളോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ടെണ്ടറുകൾ തുറക്കുന്നതായിരിക്കും. ദർഘാസുകൾ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ പേരിൽ പണയപ്പെടുത്തിയതും ദേശീയ/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ലഭിക്കുന്നതുമായ നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപൂർണ്ണമായ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ഏതെങ്കിലും ദർഘാസുകൾ കാരണം ബോധ്യപ്പെടുത്താതെ നിരസിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമായിരിക്കും. വനം വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും നിലവിലുള്ളതും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ കരാർ വ്യവസ്ഥകൾ ഈ ജോലികൾക്കും ബാധകമായിരിക്കും. കരാറുകാരൻ നിർദ്ദിഷ്ട മാതൃകയിൽ 200/- രൂപ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക ഉടമ്പടി ഇല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. വനം വകുപ്പിലും പൊതുമരാമത്തു വകുപ്പിലും നിലവിലുള്ളതും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ കരാർ വ്യവസ്ഥകൾ ഈ ജോലികൾക്കും ബാധകമായിരിക്കും. ലഘു ദർഘാസിൽ വിജയിയാകുന്ന കരാറുകാരൻ വിജയിയാകുന്ന അറിയിപ്പ് ലഭിച്ചതിന് ശേഷം നിർദ്ദിഷ്ട തുക സെക്യൂരിറ്റിയായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ പേരിൽ ഒടുക്കി കരാർ ഒപ്പിട്ട് പ്രവർത്തി ആരംഭിച്ച് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രവർത്തിപൂർത്തീകരിക്കേണ്ടതാണ്.

## നിബന്ധനകൾ

1. ജി.ഒ (എംഎസ്സ്) 26/2017 വനം വന്യജീവി വകുപ്പ് തീയതി 20.05.2017 എന്ന സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972 ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.

2. പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധി കളുടെയോ സാന്നിദ്ധ്യത്തിൽ ലഘു ദർഘാസ് തുറക്കുന്നതായിരിക്കും.

3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ലഘു ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രവും ലഘു ദർഘാസ് ദർഘാസ് ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

4. ലഘു ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ലഘു ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ലഘു ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്ത് പ്രവർത്തിയുടെ പേര്, പങ്കെടുക്കുന്നയാളുടെ പേരും മേൽവിലാസം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

5. സന്നദ്ധ ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടു ത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് മാറ്റുന്നതല്ല.

6. നിശ്ചിത തീയതിക്കും സമയത്തും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

7. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

8. സാധാരണഗതിയിൽ കൂടിയ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കു ന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

9. ദർഘാസ് തുക രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന ശേഷം ഓഫർ പിൻവലിക്കുവാൻ ദർഘാസുകാരെ അനുവദിക്കുന്നതല്ല.

10. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം മുഴുവൻ തുകയും നികുതികളും അടച്ച് ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള നിശ്ചിത തുകക്കുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തര വാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്ന തുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ നഷ്ടതുക ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

11. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 3% പരമാവധി 5,00,000/- (അഞ്ചു ലക്ഷം രൂപാ മാത്രം) രൂപ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

12. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

13. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

14. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ദർഘാസ് നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

15. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

16 കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെൻഡറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

17 ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ഈ ദർഘാസിനും ബാധകമായിരിക്കും.

18 ടി ജോലികൾക്കായി തൊഴിലാളികളെ നിയമിക്കുമ്പോൾ ടി പ്രദേശത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് മുൻഗണന നൽകേണ്ടതാണ്.

19 കരാറുകാരൻ പ്രവർത്തികൾ ചെയ്യുന്നതുവഴി ഉണ്ടായെക്കാവുന്ന യാതൊരു അപകടങ്ങൾക്കും വനം വകുപ്പ് ഉത്തരവാദി ആയിരിക്കില്ല

20 കരാറുകാരൻ പ്രവർത്തികൾ ചെയ്യുന്നതുവഴി വന സമ്പത്തിന് യാതൊരു നാശനഷ്ടങ്ങളും സംഭവിക്കാൻ പാടില്ലാത്തതാണ്. അത്തരത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

21 കരാറുകാരൻ പ്രവർത്തികൾക്കായി കൊണ്ടുവരുന്ന തൊഴിലാളികൾക്കും സാധന സാമഗ്രികൾക്കും ഉണ്ടായേക്കാവുന്ന അപകടങ്ങൾക്കും /നാശനഷ്ടങ്ങൾക്കും വനം വകുപ്പ് ഉത്തരവാദിയായിരിക്കില്ല.

**മേൽ നിബന്ധനകൾ വായിച്ച് ബോദ്ധ്യപ്പെട്ടുവെന്ന് സാക്ഷ്യപ്പെടുത്തി ടെണ്ടർ ഫോമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

കൂടുതൽ വിവരങ്ങൾ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ 0475 2222621) അഞ്ചൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ നം- 0475 2270100) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

പുനലൂർ
19.01.2026

വൈ.എം. ഷാജികുമാർ IFS
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
പുനലൂർ
**(കേരള ഗവർണർക്കുവേണ്ടി)**